പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6679 — 09.11. 2016 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. യിലെ ഓൺലൈൻ പെയ്മെന്റ്

ചോദ്യം

ശ്രീ.വി.ടി.ബൽറാം

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കെ.എസ്.ഇ.ബി.-യിൽ ഓൺലൈൻ വഴി പണം അടയ്ക്കുന്നവരിൽ നിന്നും സർവീസ് ചാർജിന്റെ പേരിലോ കൺവീനിയൻസ് ചാർജിന്റെ പേരിലോ അധിക തുക ഈടാക്കുന്ന എന്ന പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലെ പേയ്മെന്റ് ഗേറ്റ് വേകൾ വഴി പണം അടക്കുന്നവരിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ഓൺലൈൻ പേയ് മെന്റ് സംവിധാനത്തിൽ സർവ്വീസ് ചാർജ്ജില്ലാതെ പേയ് മെന്റ് നടത്തുവാൻ State Bank of Travancore, South Indian Bank, Federal Bank, ICICI Bank, Canara Bank മുതലായ ബാങ്കുകളുമായി ഡയറക്റ്റ് ഇന്റഗ്രേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി)കെ.എസ്.ഇ.ബി. യിൽ ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ വഴി ഓഗസ്റ്റ് മാസത്തിൽ പണം ഒടുക്കിയവരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ? | (ബി) ആഗസ്റ്റ് മാസത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ആസ്ഥാന മന്ദിരമായ തിരുവനന്തപുരം വൈദ്യുതി ഭവനിൽ മാത്രമാണ് കാഷ് ഡിപ്പോസിറ്റ് മെഷീനിലൂടെ കറന്റ് ചാർജ് അടക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നത്. അവിടെ ആഗസ്റ്റ് മാസത്തിൽ 465 ഉപഭോക്താക്കൾ കറന്റ് ചാർജ് ഒടുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ